**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1731** **29-07-2021 - ൽ മറുപടിയ്ക്ക്**

**പെട്രോൾ, ഡീസൽ, പാചകവാതക വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോൾ, ഡീസൽ, പാചകവാതക വില അനുദിനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉല്പന്നങ്ങളിൽ നിന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതിവരുമാനം യൂണിറ്റടിസ്ഥാനത്തിൽ വിശദമാക്കുമോ; | (ബി) | 22-07-2021-ലെ അടിസ്ഥാന വില അനുസരിച്ച് പെട്രോളിന് യൂണിറ്റടിസ്ഥാനത്തിലുള്ള വില്പന നികുതി ലിറ്ററിന് 22.48 രൂപയും അധിക വില്പന നികുതി ലിറ്ററിന് ഒരു രൂപ എന്ന നിരക്കിലും, സെസ്സ് ലിറ്ററിന് 23 പൈസയും ഈടാക്കുന്നു. നിലവിൽ ഡീസലിന് യൂണിറ്റടിസ്ഥാനത്തിലുള്ള നികുതി വരുമാനം ലിറ്ററിന് 16.92 രൂപയും അധിക വില്പന നികുതി ലിറ്ററിന് ഒരു രൂപ എന്ന നിരക്കിലും, സെസ്സ് ലിറ്ററിന് 18 പൈസയും ഈടാക്കുന്നു. നിലവിൽ ഗാർഹിക ആവശ്യത്തിനുള്ള പാചകവാതകത്തിന് 5% (2.5% CGST + 2.5% SGST) നികുതിനിരക്കും ഗാർഹിക ആവശ്യത്തിനു പുറമേയുള്ള പാചകവാതകത്തിന് 18% (9% CGST + 9% SGST) നികുതിനിരക്കും ബാധകമാണ്. പാചക വാതകം ചരക്കുസേവന നികുതി നിയമത്തിൻ കീഴിൽ ഉൾപ്പെടുന്നതാണ്. ചരക്കുകളുടെ അളവുകൾ സംബന്ധിച്ച വിവരങ്ങൾ നിലവിൽ ചരക്ക് സേവന നികുതി നിയമ പ്രകാരം റിട്ടേൺ സമർപ്പിക്കുന്നതിന് നിർബന്ധമല്ലാത്തതിനാൽ യൂണിറ്റടിസ്ഥാനത്തിൽ പ്രസ്തുത ഉൽപന്നത്തിൽ നിന്ന് ലഭിക്കുന്ന നികുതി സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല. |
| (സി) | ഈ ഉൽപ്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയാൽ ഓരോ ഉൽപ്പന്നത്തിനും യൂണിറ്റടിസ്ഥാനത്തിൽ നികുതിയായി ലഭിക്കാവുന്ന ഉയർന്ന തുക എത്രയായിരിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ചരക്കുസേവന നികുതി നിയമ പ്രകാരം പുറപ്പെടുവിച്ചിരിക്കുന്ന സർക്കാർ വിജ്ഞാപനം 360/2017 പ്രകാരം ചരക്കുകൾക്ക് നിലവിൽ നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്ക് 28% മാത്രമാണ് (14% CGST + 14% SGST). പെട്രോളും ഡീസലും ചരക്കുസേവന നികുതിക്കു കീഴിൽ ഉൾപ്പെടുത്തിയാൽ ഓരോന്നിനും നിലവിലെ ഷെഡ്യൂൾ നിരക്കനുസരിച്ച് പരമാവധി നികുതി 28% (14% CGST + 14% SGST) ചുമത്തിയാൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന് യൂണിറ്റടിസ്ഥാനത്തിൽ നികുതിയായി ലഭിക്കാവുന്ന ഉയർന്ന തുക പെട്രോളിന് ലിറ്ററിന് 5.86 രൂപയും ഡീസലിന് ലിറ്ററിന് 5.96 രൂപയും നികുതിയായി ലഭിക്കുന്നു. നിലവിൽ പാചകവാതകം ചരക്കുസേവന നികുതി നിയമത്തിൻ കീഴിൽ ഉൾപ്പെടുന്നതാണ്. |
| (ഡി) | തൊഴിലില്ലായ്മ മൂലവും കോവിഡ് മഹാമാരിയാലും ജിവിതക്ലേശം നേരിടുന്ന സാധാരണക്കാരായ ജനങ്ങളെ ഈ ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് മൂലം ഉണ്ടാകുന്ന വൻ വിലക്കയറ്റത്തിൽനിന്ന് രക്ഷിക്കുന്നതിനായി പെട്രോളിയം ഉല്പന്നങ്ങളുടെ വിലനിയന്ത്രണത്തിനായുള്ള ഇടപെടൽ നടത്തുമോ എന്ന് വിശദമാക്കുമോ? | (ഡി) | പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80%-ഉം 24.52%-ഉം ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08%-ഉം 22.76%-ഉം ആയി കുറച്ചിട്ടുണ്ട്. വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇതു ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാധ്യതയേയും ദുർബലപ്പെടുത്തി. കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ